ശേഷം ഇതിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിലവിലുള്ള കാർഡിയോളജിവിഭാഗം ഹാർട്ട് ഫൗണ്ടേഷന്റെ ബേസിക് യൂണിറ്റായി പ്രവർത്തിക്കുന്നതാണ്.

(സി) ഹാർട്ട് ഫൗണ്ടേഷന്റെ ആദ്യഘട്ട നിർമ്മാണത്തിന് 34.70 കോടി രൂപ യാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ സ്ഥലവില ഉൾപ്പെടെ 11.70 കോടി രൂപ സർക്കാർ ധനസഹായമായി നൽകും. ബാക്കി 23 കോടി രൂപ ബാങ്കുകളിൽനിന്നോ മറ്റു ധനകാര്യസ്ഥാപനങ്ങളിൽനിന്നോ വായ്പയായി എടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**ആരോഗ്യ കുടുംബക്ഷേമ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

117 [2549] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ കുടുംബക്ഷേമ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) നിർമ്മാർജ്ജനം ചെയ്യപ്പെട്ടതായി കരുതിയിരുന്ന ഏതെല്ലാം പകർച്ചവ്യാധികളും രോഗങ്ങളുമാണ് ഇപ്പോൾ പടർന്നുപിടിച്ചിരിക്കുന്നത്;

(സി) അവ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

*ഉത്തരം*

(എ) ആരോഗ്യ കുടുംബക്ഷേമ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

- പ്രവർത്തനരഹിതമായിക്കിടന്ന ആശുപത്രികെട്ടിടങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചു.
- പുതിയ ഔഷധനയം പ്രഖ്യാപിച്ചു.
- മൂന്ന് റീജിയണൽ ഡയഗ്നോസ്റ്റിക് ലാബുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു.
- സ്പെഷ്യാലിറ്റി കേഡർ സംവിധാനം നടപ്പിലാക്കി.
- പ്രജനന-ശൈശവ ആരോഗ്യ പരിപാടിയുടെ ഭാഗമായി വിവിധ പദ്ധതികൾ നടപ്പിലാക്കി.



LIBRARY ARCHIVES Kerala Legislative Assembly

- ആരോഗ്യമേഖലയിൽ സേവനപ്രദാന പദ്ധതി നടപ്പിലാക്കിവരുന്നു.
- തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് മാനസികാരോഗ്യകേന്ദ്രങ്ങളിൽ 'ബിഹേവിയറൽ ഇന്റൻസീവ് യൂണിറ്റുകൾ' പ്രവർത്തനമാരംഭിച്ചു.
- യൂറോപ്യൻ കമ്മീഷന്റെ ധനസഹായത്തോടെ ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- ഐ.എസ്.ആർ.ഒ.യുടെ സാങ്കേതികസഹായത്തോടെ ടെലിമെഡിസിൻ പദ്ധതി പൂർത്തിയായിവരുന്നു.
- എയ്ഡ്സ് രോഗികൾക്കുള്ള വിവിധ സഹായപരിപാടികൾ.
- കുഷ്ഠരോഗ, ക്ഷയരോഗ നിയന്ത്രണ പരിപാടികൾ.
- സാംക്രമികരോഗനിവാരണ പദ്ധതികൾ നടപ്പിലാക്കിവരുന്നു.
- ആയുർവേദ വകുപ്പിൽ '20' പുതിയ ഡിസ്പെൻസറികൾ ആരംഭിച്ചു. എല്ലാ ജില്ലാ ആശുപത്രികളിലും ലബോറട്ടറി സൗകര്യം ആരംഭിച്ചു.
- തൃപ്പൂണിത്തുറ ആയുർവേദ മെഡിക്കൽ കോളേജിൽ '350' കിടക്കകളുള്ള ആശുപത്രികെട്ടിടംപണി പൂർത്തിയായിവരുന്നു.
- മെഡിക്കൽ കോളേജുകളിൽ ജീവൻരക്ഷാ മരുന്നുകളും ആധുനിക ചികിത്സാ ഉപകരണങ്ങളും ലഭ്യമാക്കുന്നുണ്ട്.
- എയ്ഡ്സ് രോഗികൾക്ക് എ.ആർ.വി. ഡ്രഗ്ഗുകൾ സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.
- കോഴിക്കോട് മെഡിക്കൽ കോളേജിൽ കുട്ടികൾക്കായി 23 ലക്ഷം രൂപ ചെലവിൽ ലുക്കീമിയ വാർഡ് നിർമ്മാണം പൂർത്തിയാക്കി.
- തൃശ്ശൂർ മെഡിക്കൽ കോളേജിലെ ക്യാൻസർരോഗ ചികിത്സാ വിഭാഗത്തിൽ രണ്ടു കോടി രൂപ ചെലവിൽ ആധുനിക യന്ത്രോപകരണങ്ങൾ സ്ഥാപിച്ചു.
- തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സർജിക്കൽ ഐ.സി.യു.വും മെഡിക്കൽ ഐ.സി.യു.വും 80 കോടി രൂപ ചെലവിൽ നവീകരിച്ചു.
- കോട്ടയം മെഡിക്കൽ കോളേജിൽ 80 ലക്ഷം രൂപ മുടക്കി വാട്ടർ സപ്ലൈ സിസ്റ്റം പുനർനിർമ്മിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

- തൃശ്ശൂർ ഒഴികെ എല്ലാ മെഡിക്കൽ കോളേജുകളിലും ഇൻസിനറേറ്റർ സ്ഥാപിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇൻസിനറേറ്റർ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) & (സി) മലമ്പനി ചില സ്ഥലങ്ങളിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്. മലമ്പനിയുടെ ലക്ഷണങ്ങൾ കാണുന്ന എല്ലാവരെയും രക്തപരിശോധനയ്ക്കു വിധേയരാക്കുകയും രോഗം കണ്ടെത്തുന്നവരെ സമ്പൂർണ്ണചികിത്സയ്ക്ക് വിധേയരാക്കുകയും ചെയ്യുന്നുണ്ട്. രോഗം പടർന്നിട്ടുണ്ടോ എന്നറിയാൻ രോഗിയുടെ വീട്ടിലും സമീപപ്രദേശങ്ങളിലുമുള്ളവരെ രക്തപരിശോധനയ്ക്ക് വിധേയരാക്കുന്നു. രോഗം കണ്ടെത്തുന്ന പ്രദേശങ്ങളിൽ കൊതുക് നശീകരണത്തിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുന്നു.

## ഐ.സി.എസ്.പി. പ്രോജക്ടുകൾ

118 [2550] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിനുകീഴിൽ ഐ.സി.എസ്.പി. പ്രോജക്ടുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പ്രോജക്ടിന്റെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും വിശദമാക്കാമോ;

(ഡി) ഈ പ്രോജക്ട് ആരംഭിക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും ഈ പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) രോഗവിവരങ്ങൾ പ്രത്യേകിച്ചും പകർച്ചവ്യാധികളും പകർച്ചവ്യാധികളല്ലാത്ത ക്യാൻസർ, രക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങളുടെ റിസ്ക്ഫാക്ടർ സംബന്ധിച്ചുള്ള വിവരങ്ങൾ സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമുള്ള സ്ഥാപനങ്ങൾ വഴി മെച്ചപ്പെട്ട രീതിയിലും ശാസ്ത്രീയമായും ശേഖരിച്ച് രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. സാംക്രമിക രോഗങ്ങളുടെയും ഇതര രോഗങ്ങളുടെയും വിവരശേഖരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും സമയോചിതമായ രോഗനിയന്ത്രണ

LIBRARY ARCHIVES Kerala Legislative Assembly